പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 39

# 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 39

# 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

1043/2011.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 39

# 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവൽസരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 8എ വകുപ്പിന്റെ ഭേദഗതി.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ (1951-ലെ XIV-ാം ആക്റ്റ്) 8എ വകുപ്പ് (6)-ാം ഉപവകുപ്പിൽ "ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഒരു സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റിന്റെ പദവിയിൽ കവിയാത്തതുമായ" എന്ന വാക്കുകൾക്കുപകരം "ഒരു അഖിലേന്ത്യാ സർവ്വീസിലുള്ള ഒരു അംഗം ഒഴികെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ 8 എ വകുപ്പിലെ (6)-ാം ഉപവകുപ്പിലുള്ള വ്യവസ്ഥകൾപ്രകാരം, നിയമസഭയിലെ ഓരോ സമാജികനും ഗവൺമെന്റിന്റെയോ തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഗവൺമെന്റിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കോർപ്പറേഷന്റെയോ ഗവൺമെന്റ് ഇതിലേക്കായി നിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ സേവനത്തിലുള്ളതും ഗവൺമെന്റ് സെക്രട്ടേറിയറ്റ് സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റിന്റെ പദവിയിൽ കവിയാത്തതുമായ അദ്ദേഹത്തിനിഷ്ടപ്പെട്ട ഒരു ആഫീസറുടെ സേവനം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

1043/2011.

2. നിയമസഭയിലെ സമാജികർക്ക് തങ്ങൾക്കിഷ്ടപ്പെട്ട ഒരു ആഫീസറുടെ സേവനം ലഭ്യമാക്കുന്നതിലേക്കായി 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥകൾക്ക് ഭേദഗതി വരുത്തണമെന്ന് ബഹു. നിയമസഭാ സാമാജികരിൽ നിന്നും അഭ്യർത്ഥനകൾ ലഭിക്കുകയുണ്ടായി. സർക്കാർ പ്രസ്തുത അഭ്യർത്ഥനകൾ പരിഗണിക്കുകയും നിയമസഭയിലെ ഒരു സമാജികന് അഖിലേന്ത്യാ സർവ്വീസിലുള്ള ഒരംഗം ഒഴികെ ഏതൊരു ആഫീസറുടെയും സേവനം ലഭ്യമാക്കുന്നതിലേക്കായി 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ 8എ വകുപ്പിലെ (6)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ഇതിന്റെ നടത്തിപ്പിലേക്കായി ആവർത്തക സ്വഭാവത്തോടുകൂടിയ ന്യായമായ ഒരു തുക ചെലവുവരുന്നതാണ്. കേരള നിയമസഭയിലെ ഒരു സാമാജികന് തന്റെ പേഴ്സണൽ അസിസ്റ്റന്റ് ആയി അഖിലേന്ത്യാ സർവ്വീസ് ഒഴികെ സബോർഡിനേറ്റ് സർവ്വീസിലെയോ സംസ്ഥാന സർവ്വീസിലെയോ ഏതൊരു ആഫീസറുടെയും സേവനം ലഭ്യമാക്കുന്നതിന് ഈ ഭേദഗതിവഴി കഴിയുന്നതാണ്. സംസ്ഥാന സർവ്വീസിലെ ഏതു വിഭാഗത്തിലെ ജീവനക്കാരെയും ഒരു സാമാജികന് തന്റെ പേഴ്സണൽ അസിസ്റ്റന്റ് ആയി നിയമിക്കുവാൻ കഴിയുമെന്നതിനാൽ, ഈ ഇനത്തിൽ ഉണ്ടായേക്കാവുന്ന യഥാർത്ഥ ചെലവ് ഏതെങ്കിലും അളവിൽ കൃത്യമായി കണക്കാക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുന്നതല്ല.

എല്ലാ നിയമസഭാ സാമാജികർക്കും അഡീഷണൽ സെക്രട്ടറിയുടെയോ അതുപോലുള്ള റാങ്കിലെയോ പേഴ്സണൽ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കുന്നതായി കണക്കാക്കിയാൽ, പരമാവധി വാർഷിക അധിക ധനബാദ്ധ്യത അഞ്ച് കോടിയോളം രൂപയ്ക്ക് അടുത്തുവരുന്നതാണ്.

**ഉമ്മൻ ചാണ്ടി**

(ശരിത്തർജ്ജമ)

## 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിൽനിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1951-ലെ XIV)

** ** **

8 എ. സൗകര്യങ്ങൾ.—(1) നിയമസഭയിലെ ഓരോ അംഗത്തിനും (സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരൊഴികെ), സർക്കാർ വക ടൂറിസ്റ്റ് ബംഗ്ലാവുകളിലും റസ്റ്റ് ഹൗസുകളിലും താമസിക്കുന്ന കാര്യത്തിൽ 10-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിൽ അനുവദിച്ചിട്ടുള്ള പ്രകാരമുള്ള ഇളവുകൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) ** ** **

(6) ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിനും, അപ്രകാരമുള്ള അംഗമെന്ന നിലയ്ക്ക് അയാളുടെ ചുമതലകൾ നിറവേറ്റുന്നതിന് അയാളെ സഹായിക്കുവാൻ, ഗവൺമെന്റിന്റെയോ തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഗവൺമെന്റിന്റെ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കോർപ്പറേഷന്റെയോ ഗവൺമെന്റ് ഇതിലേക്കായി നിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ സേവനത്തിലുള്ളതും ഗവൺമെന്റ് സെക്രട്ടേറിയറ്റ് സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റിന്റെ പദവിയിൽ കവിയാത്തതുമായ അയാൾക്കിഷ്ടപ്പെട്ട ഒരു ഉദ്യോഗസ്ഥന്റെ സേവനം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

** ** **

---